**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28** **23-01-2025 - ൽ മറുപടിയ്ക്ക്**

**അവയവദാനം സംബന്ധിച്ച അവബോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>യു. ആർ. പ്രദീപ്,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അവയവദാനം സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആവശ്യമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അവയവദാനം സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ ബോധവൽക്കരണം നടത്തുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആവശ്യമുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവയവദാനത്തിന്റെ ആവശ്യകതയും പ്രാധാന്യവും പൊതുജനങ്ങൾ മനസിലാക്കുന്നതിനു വേണ്ടി കെ-സോട്ടോ കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നു. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടി അവയവദാനത്തിന്റെ ശാസ്ത്രീയ വശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലകൾ ആശുപത്രികളിൽ സംഘടിപ്പിച്ചു വരുന്നു. കൂടാതെ **'മൃതസഞ്ജീവനി ജീവനേകാം ജീവനാകാം'** എന്ന പേരിൽ സാമൂഹിക മാധ്യമങ്ങളിലൂടെ ആറുമാസം നീണ്ടു നിൽക്കുന്ന പ്രത്യേക ബോധവത്ക്കരണ പരിപാടി 2024 ഡിസംബർ 1 ന് ആരംഭിച്ചിട്ടുണ്ട്. അവയവദാനത്തിന്റെ മഹത്വം സംബന്ധിച്ച സന്ദേശം എല്ലാവരിലേയ്ക്കും എത്തിക്കുക, ഈ രംഗത്ത് നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകളെ തുറന്നു കാണിക്കുക, സംശയങ്ങൾ ദൂരീകരിക്കുക, വിദഗ്ധരുടെ അഭിപ്രായങ്ങളും സന്ദേശങ്ങളും എല്ലാവരിലും എത്തിക്കുക, പൊതുജനങ്ങളെ അവയവദാനത്തിന് സന്നദ്ധരാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. 2024 ഡിസംബർ ഒന്ന് മുതൽ 2025 മെയ് 31 വരെയുള്ള ആറ് മാസം നീണ്ടുനിൽക്കുന്ന സോഷ്യൽ മീഡിയാ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം വിവിധ പരിപാടികൾ കെ-സോട്ടോ സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ബി) | അവയവദാന മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും മറ്റ് അനുബന്ധ ജീവനക്കാർക്കും ആവശ്യമായ പ്രത്യേക പരിശീലനം നൽകാറുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഡോക്ടർമാർക്കും ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു ജീവനക്കാർക്കും വേണ്ടി അവയവദാനത്തിന്റെ ശാസ്ത്രീയ വശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലകളും പരിശീലനങ്ങളും സെമിനാറുകളും കെ-സോട്ടോ നടത്തി വരുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും വിപുലമായ ട്രെയിനിങ് നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർമാർ, ജില്ലാ തല ആതറൈസേഷൻ കമ്മിറ്റികൾ, ഇന്റൻസിവിസ്റ്റ്, ന്യൂറോളജിസ്റ്റ് എന്നിവർക്കും മസ്തിഷ്ക മരണ സ്ഥിരീകരണം നടത്തുന്ന എംപാനൽഡ് ഡോക്ടർമാർക്കും ട്രെയിനിങ്, ഇന്റേൺഷിപ്പ് പ്രോഗ്രാം എന്നിവയും നടത്തി വരുന്നു. |
| (സി) | മസ്തിഷ്കമരണം സർട്ടിഫൈ ചെയ്യുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ വ്യക്തമാക്കുമോ? | (സി) | ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ട് 1994 ന്റെയും 2014 ലെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് മരണാനന്തര അവയവദാനം നിയന്ത്രിക്കപ്പെടുന്നത്. ഇതിന് പുറമെ മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>• മസ്തിഷ്ക മരണം നിർബന്ധമായും സ്ഥിരീകരിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 04.02.2012 ലെ സ.ഉ(കൈ)നം. 36/ 2012/ആ.കു.വ ഉത്തരവ്.<br>• മസ്തിഷ്ക മരണം സംഭവിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള മെഡിക്കൽ ബോർഡിൽ രോഗി ചികിത്സ തേടുന്ന ആശുപത്രിയുടെ പുറത്തു നിന്നുള്ള ഡോക്ടർ വേണമെന്ന നിബന്ധന ഉൾപ്പെടുത്തിയ 18.09.2012 ലെ സ.ഉ (കൈ) നം. 304/2012/ആ.കു.വ ഉത്തരവ്.<br>• മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന ഡോക്ടർമാരുടെ സംഘത്തിൽ ഒരാൾ സർക്കാർ സർവീസിലുള്ള എംപാനൽ ചെയ്യപ്പെട്ട ഡോക്ടർ ആകണമെന്നും, വീഡിയോഗ്രാഫി വേണമെന്നുമുള്ള നിബന്ധന ഉൾപ്പെടുത്തിയ 01.02.2017 ലെ സ.ഉ (കൈ) നം. 16/2017/ആ.കു.വ ഉത്തരവ്.<br>• മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനായുള്ള സ്റ്റാൻഡാർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ നിർദ്ദേശിച്ചുകൊണ്ടുള്ള 03.04.2018 ലെ സ.ഉ (കൈ) നം. 53/2018/ആ.കു.വ ഉത്തരവ്. |

| | | | |
|---|---|---|---|
| | | | • മസ്തിഷ്ക മരണ സ്ഥിരീകരണത്തിനുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തിയ 19.01.2020 ലെ സ.ഉ (കൈ) നം. 7/2020/ ആ.കു.വ ഉത്തരവ് |

സെക്ഷൻ ഓഫീസർ